കൂടുതലാണ് ടെൻഡർ സമർപ്പിച്ചിരുന്നത്. എന്നാൽ ടെൻഡർ കമ്മിറ്റി എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 45% മാത്രമേ കൂടുതലായി അംഗീകരിച്ചുള്ളൂ. ടെൻഡർ കമ്മിറ്റി അംഗീകരിച്ച റേറ്റിൽ പണി ചെയ്യാൻ സമ്മതം ആരാഞ്ഞുകൊണ്ടും ദർഘാസ് ഉറപ്പിക്കുന്നതിന് കാലാവധി നീട്ടിത്തരുന്നതിനുമായി കോൺട്രാക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പണി ആരംഭിക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) ഈ കാര്യം പരിശോധിക്കുന്നതാണ്.

(ഇ) പാലത്തിന് താഴെ ഇരുവശങ്ങളും സംരക്ഷിക്കുന്നതിനായി 115 ലക്ഷം രൂപയുടെ ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. വെള്ളപ്പൊക്കം ഉണ്ടാകുന്ന നദികളുടെ സംരക്ഷണത്തിനായുള്ള കേന്ദ്രപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

പള്ളിച്ചൽ പഞ്ചായത്തിലെ പാലങ്ങളുടെ പണി

54(957) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേമം നിയോജകമണ്ഡലത്തിൽ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിൽ ചാത്തലമ്പാട്ട്കോണം, മുടവൂർപ്പാറ ഭാഗങ്ങളിൽ നെയ്യാർ ജലസേചന കനാലിന് കുറുകെ പാലങ്ങൾ നിർമ്മിക്കണമെന്ന നാട്ടുകാരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിൻമേൽ ബന്ധപ്പെട്ട വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലസേചനവകുപ്പ് നെയ്യാർ പ്രോജക്ടിൽ എത്ര പാലങ്ങളാണ് നിർമ്മിച്ചിട്ടുള്ളത് ;

(ഡി) പള്ളിച്ചൽ പഞ്ചായത്തിലെ പ്രസ്തുത പാലങ്ങൾ ഈ സാമ്പത്തിക വർഷത്തിൽതന്നെ നിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പദ്ധതിയേതര ഇനങ്ങളിൽപ്പെട്ട ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കുന്നത് താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. നിരോധനം പിൻവലിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(സി) 18 പാലങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ഒരു പാലത്തിന്റെ പണി പുരോഗതിയിലാണ്.

(ഡി) നിരോധനം പിൻവലിക്കുന്ന മുറയ്ക്ക് ആവശ്യമുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly